# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2377 — 13.02.2013 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലെ ബൈലാഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ ബോഡി യോഗങ്ങൾ ചേർന്ന് ബൈലാദേദഗതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ബൈലാദേദഗതി നടത്താൻ ജനറൽ ബോഡി യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012 ലെ 13-)ാം ആക്ട്) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വത്തെ പ്രതിപാദിക്കുന്ന വകുപ്പ് 2i(ia), വകുപ്പ് 28 എന്നിവയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ നിയമ ഭേദഗതി വരുത്തുകയുണ്ടായി. ആയതു പ്രകാരം 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിയമാനുസൃതം പൊതുയോഗം വിളിച്ചു കൂട്ടുകയും ടി പൊതുയോഗം അംഗീകരിച്ച ബൈലോ ഭേദഗതി വ്യവസ്ഥകൾ സഹകരണ സംഘം രജിസ്ട്രാർ രജിസ്റ്റർ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓരോജില്ലയിലും ബൈലാഭേദഗതിക്കു മുമ്പ് എത്ര സഹകരണ സംഘങ്ങൾ വോട്ടർ പട്ടികയിലുണ്ടായിരുന്നു; | (സി) യും (ഡി) യും (ഇ) യും | ബൈലാഭേദഗതിയിലൂടെ അംഗങ്ങളെ പുതുതായി ചേർത്തിട്ടില്ല. കേരള സഹകരണ നിയമം ഭേദഗതിയിലൂടെ 10.02.2007 വരെ നിലവിലുണ്ടായിരുന്നതും നോമിനൽ അംഗങ്ങളായി മാറ്റപ്പെടുകയും ചെയ്യപ്പെട്ട സംഘങ്ങളുൾപ്പടെയുള്ള എല്ലാ സംഘങ്ങൾക്കും 'എ' ക്ലാസ്സ് അംഗത്വം ലഭിക്കുകയുണ്ടായി. |
| (ഡി) | ഓരോ ജില്ലയിലും ബൈലാ ഭേദഗതിക്കുശേഷം പുതുതായി എത്ര സംഘങ്ങളെക്കൂടി വോട്ടർപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | പുതുതായി ഉൾപ്പെടുത്തിയ സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും ഉറപ്പുവരുത്തിയാണോ അംഗത്വം നൽകിയത്; | | |
| (എഫ്) | സഹകരണ ചട്ടങ്ങളും വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിക്കാത്ത സഹകരണ സംഘങ്ങളെ പ്രസ്തുത വോട്ടർപട്ടികകളിൽ നിന്നൊഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | കേരള സഹകരണ നിയമം അനുശാസിക്കും വിധം സൂക്ഷ്മ പരിശോധന നടത്തിയും ആക്ഷേപം ഉണ്ടെങ്കിൽ പരിശോധിക്കുകയും ചെയ്തു ശേഷമാണ് എല്ലാ സഹകരണ സംഘങ്ങളിലും തെരഞ്ഞെടുപ്പിലേയ്ക്കു ഇലക്ടറൽ ഓഫീസർമാർ അന്തിമ വോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ